# SSLC SAMPLE QUESTIONPAPER-1
# THIRUVANANTHAPURAM EDUCATIONAL DISTRICT
# SOCIALSCIENCE

**Time: $2^{1}/_{2}$ Hours** **Total Scores: 80**

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

---

## PART-1

**(A) 1മുതൽ 6വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ.** **(1x4=4)**

1. ഗ്രാമീണ ചെണ്ടക്കാരൻ എന്ന ചിത്രം വരച്ചത്:
   (a) അമൃതാ ഷേർഗിൽ (b) നന്ദലാൽ ബോസ്
   (c) അബനീന്ദ്രനാഥ ടാഗോർ (d) രാജാ രവിവർമ്മ

2. 1929 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചതാര്?
   (a) ജവഹർലാൽ നെഹ്റു (b) സുബാഷ് ചന്ദ്രബോസ്
   (c) ഷൗക്കത്തലി (d) കെ.കേളപ്പൻ

3. പ്രത്യക്ഷ നികുതിക്ക് ഉദാഹരണം:
   (a) സർചാർജ് (b) കോർപറേറ്റ് നികുതി
   (c) സെസ്സ് (d) ചരക്ക് സേവന നികുതി

4. സമൂഹ ശാസ്ത്രത്തിന്റെ പിതാവ് ആര്?
   (a) ഡി.പി. മുഖർജി (b) കാൾ മാർക്സ്
   (c) എ.ആർ.ദേശായി (d) അഗസ്റ്റ് കോംതെ

5. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം ഏത്?
   (a) ചിറാപുഞ്ചി (b) ഷിംല
   (c) മണാലി (d) ജയ്സാൽമിർ

6. മധ്യരേഖാന്യൂനമർദ്ദ മേഖലയിൽ കാറ്റില്ലാത്ത മേഖല അറിയപ്പെടുന്നത്:
   (a) ഷ്രീക്കിംഗ് സിക്സ്റ്റീസ് (b) ഫ്യൂരിയസ് ഫിഫ്റ്റീസ്
   (c) നിർവാതമേഖല (d) റോറിംഗ് ഫോർട്ടീസ്

**(B) 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ**

**(1x4=4)**

7. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥ ഏത്?

(a) ശാശ്വതഭൂനികുതി വ്യവസ്ഥ (b) റയട്ട് വാരി വ്യവസ്ഥ

(c) മഹൽവാരി വ്യവസ്ഥ (d) സൈനികസഹായ വ്യവസ്ഥ

8. കേരളത്തിലെ ആദ്യത്തെ മഹിളാ സമ്മേളനം നടന്നത് എവിടെ?

(a) വടകര (b) പയ്യന്നൂർ

(c) കോഴിക്കോട് (d) പയ്യമ്പലം

9. ഒരു രൂപ നോട്ടും നാണയങ്ങളും അച്ചടിച്ചിറക്കുന്നത്:

(a) ഭാരതീയ റിസർവ് ബാങ്ക് (b) കേന്ദ്ര ധനകാര്യ വകുപ്പ്

(c) വാണിജ്യബാങ്കുകൾ (d) സഹകരണ ബാങ്കുകൾ

10. ഇന്ത്യയിൽ ലിഗ്നൈറ്റ് കാണപ്പെടുന്നത്:

(a) ജാർഖണ്ഡ് (b) നെയ് വേലി

(c) ദിഗ്ബോയ് (d) മുംബൈ ഹൈ

## PART-2

**(A) 11മുതൽ 15വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ.** **(2x3=6)**

11. വാർധാ പദ്ധതി മുന്നോട്ട് വച്ചതാര്? അതിന്റെ ലക്ഷ്യമെന്തായിരുന്നു?
12. സമൂഹശാസ്ത്രത്തിലെ പഠനരീതികൾ ഏതെല്ലാം?
13. ലയനക്കരാർ വിശദമാക്കുക.
14. പഴശ്ശിക്കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
15. വ്യക്തിഗത ആദായ നികുതിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**(B) 16മുതൽ 18വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2സ്കോർ** **(2x2=4)**

16. ഉത്തരായനവും ദക്ഷിണായനവും വിശദമാക്കുക.
17. ധനനയത്തിന്റെ രണ്ട് ലക്ഷ്യങ്ങൾ എന്തെല്ലാം?
18. പെയ് മെൻറ് ബാങ്കുകളുടെ സവിശേഷതകൾ എന്തെല്ലാം?

## PART-3

**(A) 19മുതൽ 23വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4സ്കോർ** **(4x3=12)**

19.രാഷ്ട്രത്തിന്റെ നിർബന്ധിതമായ ചുമതലകളും വിവേചനപരമായ ചുമതലകളും വ്യക്തമാക്കുക.

20. ചേരുംപടി ചേർക്കുക.

| | A | B |
|---|---|---|
| 1 | ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം | ജൂൺ 21 |
| 2 | അന്താരാഷ്ട്രദിനാങ്കരേഖ | 82 $^1/_2$° |
| 3 | ഗ്രീഷ്മ അയനാന്തദിനം | ഡിസംബർ 22 |
| 4 | ശൈത്യ അയനാന്തദിനം | 180° രേഖാംശ രേഖ |

21. ചുവടെ തന്നിട്ടുള്ള വിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേര് എഴുതുക.

(a) ആരവല്ലി പർവ്വതനിര (b) താപ്തി നദി

(c) ചോട്ടാനാഗ്പൂർ പീഠഭൂമി (d) കൊൽക്കത്ത തുറമുഖം

22. ജലഗതാഗതത്തിന്റെ മേന്മകൾ എന്തെല്ലാം?

23. 1986 ലെ ഉപഭോക്തൃസംരക്ഷണ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ഏതെല്ലാം?

**(B) 24, 25 ചോദ്യങ്ങളിൽ ഏതെങ്കിലും 1എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4സ്കോർ**

**(4x1=4)**

24. എന്താണ് കോണ്ടൂർ രേഖകൾ? കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാം?

25. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രപഠനം എങ്ങനെ പ്രയോജനപ്പെടുന്നു?

## PART-4

**(A) 26മുതൽ 29വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 6സ്കോർ** **(6x3=18)**

26. ഇറ്റലിയിലെ ഫാഷിസവും ജർമനിയിലെ നാസിസവും ലോകസമാധാനത്തിന് ഭീഷണിയായതെങ്ങനെ?

27. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

28. സൗരസ്ഥിര ഉപഗ്രഹങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

29. ഭാരതീയ റിസർവ് ബാങ്കിന്റെ മൂന്ന് ധർമ്മങ്ങൾ വിവരിക്കുക.

**(B) 30മുതൽ 32വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 6സ്കോർ** **(6x2=12)**

30. ഇന്ത്യക്കാരിൽ ദേശീയബോധം പ്രചരിപ്പിക്കുന്നതിൽ ദാദാഭായ് നവ്റോജിയുടെ ചോർച്ചാസിദ്ധാന്തം വഹിച്ച പങ്ക് എന്തായിരുന്നു?

31.ഐക്യകേരളത്തിലേക്ക് നയിച്ച സംഭവങ്ങൾ വിശദമാക്കുക.

32.മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

## PART-5

**(A) 33മുതൽ 35വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 8സ്കോർ** **(8x2=16)**

33. സൂചനകളുടെ അടിസ്ഥാനത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരം വിശദമാക്കുക.

**സൂചനകൾ :**

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- കോണ്ടിനെന്റൽ കോൺഗ്രസ്സുകൾ

34. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യകാല പ്രാദേശിക സമരങ്ങൾ ഏതെല്ലാം? വിശദമാക്കുക.

35. ആഗോളവാതങ്ങൾ എന്നാൽ എന്ത്? പ്രധാന ആഗോളവാതങ്ങൾ ഏതെല്ലാം? ഏതെങ്കിലും രണ്ട് ആഗോളവാതങ്ങൾ വിശദമാക്കുക.